**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 519** | **11-06-2024 - ൽ മറുപടിയ്ക്ക്**

**മെഡിസെപ്പ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. അബ്ദുൽ ഹമീദ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ജീവനക്കാരുടെയും പെൻഷൻകാരുടെയും 2024-25 വർഷത്തെ മെഡിസെപ്പ് ഇൻഷ്വറൻസ് ഐ.ഡി. കാർഡ് നിലവിൽ ലഭ്യമാണോ; വിശദാംശങ്ങൾ നൽകാമോ; | (എ) | **ജീവനക്കാരുടെയും പെൻഷൻകാരുടെയും 2024-25 വർഷത്തെ മെഡിസെപ്പ് ഇൻഷ്വറൻസ് ഐ.ഡി. കാർഡ് 2024 ജൂലൈ 1 മുതൽ ലഭ്യമാകുന്നതാണ്. നടപ്പ് പോളിസി കാലയളവിലെ (2023-24) മെഡിസെപ്പ് ഇൻഷ്വറൻസ് ഐ.ഡി. കാർഡ് നിലവിൽ ലഭ്യമാണ്.** |
| (ബി) | നിലവിൽ അനുവദിച്ച കാർഡിന്റെ കാലാവധി 2024 മാർച്ചിൽ അവസാനിച്ചതിനാൽ 2024 ഏപ്രിൽ 1 മുതലുള്ള സേവനത്തിന് തടസ്സം ഉണ്ടാകുമോ; ഇതു മറികടക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | (ബി) | **സാമ്പത്തിക വർഷത്തിന്റെ അടിസ്ഥാനത്തിലല്ല മെഡിസെപ് കാർഡ് നൽകുന്നത്. 3 വർഷത്തെ പോളിസി കാലയളവിലേക്കാണ് കാർഡ് ഇഷ്യൂ ചെയ്യുന്നത്. അതായത് 2022 ജൂലൈ 1 മുതൽ 2025 ജൂൺ 30 വരെ കാർഡിലെ വിവരങ്ങളിൽ ഏതെങ്കിലും തരത്തിലുള്ള ഭേദഗതികൾ വരുത്തേണ്ടതുണ്ടെങ്കിൽ മാത്രമേ ആയത് വരുത്തിയതിനു ശേഷം ഓരോ പോളിസി കാലയളവിന്റെ ആരംഭത്തിൽ പുതിയ മെഡിസെപ് കാർഡ് 'download' ചെയ്യേണ്ടതുള്ളൂ. അതുകൊണ്ട് തന്നെ 2024 ഏപ്രിൽ 1 മുതലുള്ള മെഡിസെപ് സേവനത്തിന് യാതൊരു തടസ്സവും ഉണ്ടാകുകയില്ല.** |
| (സി) | മുൻ വർഷത്തെ അപേക്ഷിച്ച് കൂടുതൽ ആശുപത്രികളും കൂടുതൽ ചികിത്സാ വിഭാഗങ്ങളും ഉൾപ്പെടുത്തുവാൻ നടപടികൾ സ്വീകരിക്കുമോ; കഴിഞ്ഞ സാമ്പത്തിക വർഷം ആശുപത്രികൾ നൽകിയ ക്ലെയിമുകൾ മുഴുവൻ നൽകുവാൻ ഇൻഷ്വറൻസ് കമ്പനിക്ക് കഴിഞ്ഞിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ? | (സി) | ആശുപത്രികളെ എംപാനൽ ചെയ്യുന്നത് ഇൻഷ്വറൻസ് കമ്പനിയാണ്. ആശുപത്രികളുടെ എംപാനൽമെന്റ് ഒരു തുടർ പ്രവർത്തനമായതിനാൽ മുൻ വർഷത്തെ അപേക്ഷിച്ച് കൂടുതൽ ആശുപത്രികളും കൂടുതൽ ചികിത്സാ വിഭാഗങ്ങളും ഉൾപ്പെടുത്തുവാൻ ഇൻഷ്വറൻസ് കമ്പനിയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. 17.05.2024 -ലെ കണക്കനുസരിച്ച് ഗവൺമെന്റ് ആശുപത്രികളിൽ നിന്നും പ്രൈവറ്റ് ആശുപത്രികളിൽ നിന്നും റിപ്പോർട്ട് ചെയ്ത 669703 ക്ലെയിമുകളിൽ 608361 ക്ലെയിമുകൾക്ക് ഇൻഷ്വറൻസ് കമ്പനി അംഗീകാരം നൽകിയിട്ടുണ്ട്. കൂടാതെ അംഗീകാരം നൽകിയ തുകയുടെ 97.1% ആശുപത്രികൾക്ക് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ